(സി) സൈക്കോളജി ഒഴിവാക്കിയതല്ല. വിഷയങ്ങൾ ഘട്ടം ഘട്ടമായാണ് ഹയർസെക്കണ്ടറി കോഴ്സിൽ ഉൾപ്പെടുത്തുന്നത്.

(ഡി) സൈക്കോളജിയും പ്ളസ് ടു തലത്തിൽ പാഠ്യവിഷയമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ ആനുകൂല്യം

41 (2021) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് 14-7-1996-ൽ സർവ്വീസിൽ ഉണ്ടായിരുന്ന അദ്ധ്യാപകർക്ക് കൂടി പ്രൊട്ടക്ഷൻ ആനുകൂല്യം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

14-7-1996-ൽ റഗുലർ വേക്കൻസിയിൽ ജോലി ചെയ്തിരുന്ന എയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക് 29-9-1999-ലെ ജി.ഒ.(പി)175/99/പൊ.വി.പ്രകാരം പ്രൊട്ടക്ഷൻ ആനുകൂല്യം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

തഴവ എ.വി.സി.എച്ച്.എസ്-ൽ പ്ളസ് ടു കോഴ്സ് അനുവദിക്കുന്നതിന് നടപടി

42 (2022) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ തഴവ എ.വി.സി.എച്ച്.എസ്-ൽ പ്ളസ് ടു കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) പുതുതായി പ്ളസ് ടു അനുവദിക്കുമ്പോൾ ഈ സ്കൂളിലും അനുവദിക്കുവാൻ നടപടിയുണ്ടാകുമോ ?

ഉത്തരം

(എ&ബി) നിർദ്ദിഷ്ട രീതിയിൽ നിശ്ചിത സമയത്തിനകത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ പുതുതായി പ്ളസ് ടു അനുവദിക്കുമ്പോൾ ഇക്കാര്യം പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ നടപടിയെടുക്കുന്നതാണ്.

സംസ്ഥാനത്തെ ഉപജില്ല വിദ്യാഭ്യാസ ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ

43 (2023) ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഉപജില്ല വിദ്യാഭ്യാസ ഓഫീസുകൾ ഉണ്ട് ;

(ബി) ഈ ഉപജില്ല ഓഫീസുകളിൽ അംഗീകൃത അനുപാതക്രമത്തിൽ സൂപ്പർവൈസറി തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ സീനിയർ സൂപ്രണ്ടുമാർക്ക് പ്രത്യേക ഡലിഗേഷൻ ഓഫ് പവേഴ്സ് ഉള്ളതുകൊണ്ടും ഭാരിച്ച ഉത്തരവാദിത്വമുള്ളത് കൊണ്ടും ഫലപ്രദമായി സൂപ്പർവിഷൻ നടത്താൻ സാധ്യമല്ല എന്ന വസ്തുത പരിഗണിച്ച് അംഗീകൃത അനുപാതക്രമത്തിൽ 6 ക്ലാർക്കുമാർക്ക് ഒരു ജൂനിയർ സൂപ്രണ്ട് എന്ന നിരക്കിൽ സംസ്ഥാനത്തെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും സൂപ്പർവൈസറി തസ്തികൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രൊമോഷൻ ലഭിക്കേണ്ട മിക്കവരും ഗ്രേഡ് പ്രൊമോഷൻവഴി സൂപ്പർവൈസറി തസ്തികയുടെ ശമ്പള സ്കെയിൽ വഹിക്കുന്നതുകൊണ്ട് ഉപജില്ല വിദ്യാഭ്യാസ ഓഫീസുകളിൽ ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിച്ചാൽ സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും വരികയില്ല എന്ന വസ്തുത പരിഗണിച്ച് ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 161 (നൂറ്റിയറുപത്തിയൊന്ന്) ഉപജില്ല വിദ്യാഭ്യാസ ഓഫീസുകൾ.

(ബി) ഇല്ല.

(സി) സീനിയർ സൂപ്രണ്ടുമാർക്ക് പ്രത്യേക ഡലിഗേഷൻ ഓഫ് പവേഴ്സ് ഉള്ളതുകൊണ്ടും മറ്റ് ഉത്തരവാദിത്വം ഉള്ളതുകൊണ്ടും ഇപ്പോൾ ഫലപ്രദമായി സൂപ്പർവിഷൻ നടത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

ഡിവിഷൻ കുറഞ്ഞതു മൂലം ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർ

44 (2024) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡിവിഷൻ കുറഞ്ഞതു മൂലം ജോലി നഷ്ടപ്പെട്ട എത്ര അദ്ധ്യാപകർ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്ത് എന്ന് വ്യക്തമാക്കാമോ ;

(ഡി) 14-7-1996-നും 14-7-1997-നും ഇടയിൽ ജോലി നഷ്ടപ്പെട്ടവരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ ;

(ഇ) ഇവരെക്കാൾ കൂടുതൽ സർവ്വീസുള്ളവർ ജോലിക്കു പുറത്ത് നിൽക്കുമ്പോൾ കുറഞ്ഞ സർവ്വീസുള്ളവരെ ജോലിക്ക് തിരിച്ചെടുത്ത സാഹചര്യം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) 14-7-1996 വരെ ജോലി ചെയ്തിട്ടുള്ള എല്ലാവരെയും ജോലിയിൽ തുടരുവാൻ അനുവദിക്കുന്ന തീരുമാനം എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly